Reg. No. K. 31

തൊഴിലാളി

Founder: Father Vadakkan

Honorary Chief Editor: T. O. Mathew M.A. Managing Editor: B. Wellington B. A.

പുസ്തകം 12 | നമ്പർ 22 | 1965 ജനുവരി ശനി, 23 തുലാം | വില 7 നയാപൈസ | പേജ് 4

വാടക്കർ രാജിവെച്ചു

ലണ്ടൻ, ജനു. 22

ഒരു ഉപതിരഞ്ഞെടുപ്പിൽ പരാജയപ്പെട്ട വിദേശസെക്രട്ടറി പാരിക് ഗോർഡൻ വാക്കറിന്റെ രാജിപ്രധാനമന്ത്രി സ്വീകരിച്ചതായി ശവംബണ്ണമായി അറ്റന്ത ഒരു കേന്ദ്രം പറഞ്ഞു. എവിനുവത്തു രാജ്ഞിയെ അറിയിച്ച ശേഷം ഔദ്യോഗിക പ്രഖ്യാപനമുണ്ടാവുന്നതാണ്.

(റോയിട്ടർ)

'തൊഴിലാളി' വരിസംഖ്യ നിരക്ക്

	പോസ്റ്റ്‌വഴി	വാരാന്ത്യപ്രതിപ്പ് പോസ്റ്റ്‌വഴി
ഒരു കൊല്ലത്തേയ്ക്ക്	27.00	6.00
രണ്ടുമാസത്തേയ്ക്ക്	13.50	3.00
മൂന്നുമാസത്തേയ്ക്ക്	6.75	1.50
ഏജന്റുമാർവഴി ഒരു മാസത്തേയ്ക്ക്		
മാസത്തുപതിപ്പ് ഒന്നിന്	)	0.10
മാറ്റുപ്രതി	00.7	00.10

മാനേജർ

വിദേശകാര്യമന്ത്രി വീണ്ടും തോറ്റു

ഉപതെരഞ്ഞെടുപ്പിൽ ബ്രിട്ടീഷ് ലേബർ പാർട്ടിക്ക് നേട്ടകനത്ത പരാജയം

കോമൺസ് സഭയിൽ ലേബർ ഭൂരിപക്ഷം മൂന്നായി

(റോയിട്ടർ) ലണ്ടൻ, ജനുവരി 22

വലിയ ചെലവുചുരുക്കലിനു മേയിട്ടിണിലെ ഉപതെരഞ്ഞെടുപ്പിൽ ബ്രിട്ടീഷ് വിദേശകാര്യസിക്രട്ടറി പാട്രിക്ക് ഗോർഡൻവാക്കർ പരാജയപ്പെട്ടിരിക്കുന്നു. യഥാസ്ഥിതിക കക്ഷിക്കുനേരെ എതിർസ്ഥാനാർത്ഥിക്ക് 205 വോട്ടുകൾക്ക് കടന്നൽ കിട്ടി.

കഴിഞ്ഞ പൊതുതെരഞ്ഞെടുപ്പിൽ ഈ നിയോജകമണ്ഡലത്തിൽ ജയിച്ച ലേബർ സ്ഥാനാർത്ഥിക്ക് 7926 വോട്ടിന്റെ ഭൂരിപക്ഷമുണ്ടായിരുന്നു.

വോട്ടുകൾ രണ്ടുതവണ എണ്ണിനോക്കിയശേഷമാണ് ഫലം പ്രഖ്യാപിച്ചത്. രണ്ടാമത്തെ എണ്ണലിലും വാക്കർ സ്ഥാനാർത്ഥിക്ക് 205 വോട്ടിന്റെ ഭൂരിപക്ഷമുള്ളതായി കണ്ടു.

തെരഞ്ഞെടുപ്പ് ഫലം കേട്ടപ്പോൾ നിരാശയെ അടക്കിവെക്കാനാവാതെ ഗോർഡൻവാക്കർ ഒരു ജനക്കൂട്ടത്തോട് പറഞ്ഞു.

വാക്കർക്കുവേണ്ട പരാജയംമൂലം 630 അംഗങ്ങളുള്ള കോമൺസ് സഭയിൽ ലേബർപാർട്ടിയുടെ ഭൂരിപക്ഷം വെറും മൂന്നായി തീർന്നിരിക്കുന്നു. മൂന്നാഴ്ചയിനുള്ളിൽ രണ്ടാമത്തെ പരാജയമാണ് വാക്കർക്ക് ഉണ്ടായത്. പൊതുതെരഞ്ഞെടുപ്പിൽ മിഡ്‌ലാൻഡ്സിലെ വ്യവസായിക നഗരമായ സ്മെത്ത് വിക്കിൽ അദ്ദേഹം പരാജിതനായി. വിദേശകാര്യസിക്രട്ടറി എന്ന സ്ഥാനത്തുനിന്ന് വാക്കർക്കും നീക്കേണമെന്നാണ് രാജ്യീയ നിരീക്ഷകർ കരുതുന്നത്.

രണ്ടാംലോകയുദ്ധത്തിനുശേഷം ഏറ്റവും കുപ്രസിദ്ധമാക്കിയ തെരഞ്ഞെടുപ്പിലെ ഇപ്പോൾ ലേയിറാറയിൽ നടന്നത്.

വിദേശകാര്യമന്ത്രിയുടെ അഭ്യർത്ഥനമാനിച്ച് സമ്മതിദായകർ നൽകിയ ഒന്നാംതരം മരുപടിയാണ് ഇപ്പോഴത്തെതെരഞ്ഞെടുപ്പുഫലമെന്ന് മറ്റൊരു ഗാന്ധിനിക്കാരി മെൽഫിൽലോയ്ഡ് പറഞ്ഞു. ലേബർഗവണ്മെന്റിന്റെ ആണവപദ്ധതികൾക്ക് ഇതുകൊണ്ട് ഒരു മാറ്റവുമുണ്ടാവുകയില്ലെന്നും അവർ കൂട്ടിച്ചേർത്തു.

നെല്ലുല്പാദനത്തിൽ സ്വയംപര്യാപ്തത സാദ്ധ്യമാകില്ല

കേരളത്തെപ്പറ്റി ഒരു വിദഗ്ദ്ധന്റെ അഭിപ്രായം

(പി ടി ഐ) തിരു: ജനു. 21

നെല്ലുല്പാദനത്തിൽ കേരളത്തിന്ന് ഒരിക്കലും സ്വയം പര്യാപ്തത കൈവരുത്താൻ സാദ്ധ്യമല്ല—സംസ്ഥാനത്തെ ജലസേചനപദ്ധതികളെ സമഗ്രമായി പരിശോധിച്ചതിനുശേഷം തയ്യാറാക്കിയ ഒരു പഠനറിപ്പോർട്ടിൽ വിദഗ്ദ്ധൻ അഭിപ്രായപ്പെടുന്നു.

കേരളത്തിന്റെ ഭൂപ്രകൃതിയും കാലാവസ്ഥയും ഇതിനു തടസ്സമാണെന്നാണ് ഈ വിദഗ്ദ്ധൻ ചൂണ്ടിക്കാണിക്കുന്നത്. ഇപ്പോൾ ഉല്പാദിപ്പിക്കുന്നതിന്റെ ഇരട്ടി നെല്ല് ഉല്പാദിപ്പിക്കുവാൻ കഴിയുകയുള്ളുവെന്നതുകൊണ്ട് ഭാവിയിൽ ജനസംഖ്യയിൽ ഉണ്ടാകുന്ന വർദ്ധനയ്ക്കനുസരിച്ച് ഉല്പാദനം വർദ്ധ

തെഴിലാളി

പേജ്സ്പോട്ട് 90
ലേഖനങ്ങൾ 125
പത്രാധിപരുടെ മേശയിൽ 455

1965 ജനുവരി 23-ാംതീയതി ശനിയാഴ്ച

നാലാംപഞ്ചവത്സരപദ്ധതി

.....o.....

നാലാം പഞ്ചവത്സരപദ്ധതിയുടെ മൊത്തം അടങ്കൽ സംഖ്യ ചുരുങ്ങിയതു് 21500 കോടി രൂപയായിരിക്കുമെന്നും അതിൽനിന്നു് രൂപവട്ടിക്കാവു് വരുത്താൻ തല്ക്കാലം ഉദ്ദേശിക്കുന്നില്ലെന്നും പ്രധാനമന്ത്രി ശാസ്ത്രി ഒരു പത്രസമ്മേളനത്തിൽ പ്രസ്താവിച്ചിരിക്കുന്നു. പ്ലാൻ ഇനിയും വലുതാകുന്നതിനാണു് സാധ്യതയെന്നു രണ്ടോ മൂന്നോ കൊല്ലങ്ങൾ കഴിയുമ്പോൾ ഈ പദ്ധതി തന്നെ പുനഃപരിശോധനയ്ക്കു വിധേയമാക്കുന്നതാണെന്നും അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. ഒരു കാര്യം അദ്ദേഹം തീർച്ചയായിരിക്കുന്നു — നാലാം പദ്ധതിയുടെ അവസാനഘട്ടം പൂർത്തിയാകുന്നതു് 21500 കോടിക്കും 22500 കോടിക്കും മദ്ധ്യേയുള്ള ഒരു സംഖ്യ അടുത്ത അഞ്ചുവർഷത്തിനുള്ളിൽ ചിലവിടുന്നതിനുള്ള തയ്യാറെടുപ്പുകളിലായിരിക്കുമെന്നു പറഞ്ഞതിൽ എന്താണിനി മനസ്സിൽ വെക്കാനുള്ളതു്.

ഏതാണ്ടാലും രണ്ടു കാര്യം തീർച്ചയാണു്. പദ്ധതിയെപ്പറ്റിയുള്ള വിശദവിവരങ്ങൾ മിക്കവാറും കണിശമായി പുറത്തുവന്നിരിക്കുന്നു എന്നതു് ഒന്നു്. ഇതു ക്രമേണയുണ്ടായ വിലകയറ്റം വല്ലാതെ ബാധിക്കുകയില്ലെന്നു് ഉറപ്പിക്കുകയും വേണ്ടതുണ്ടു്. ഇതിനുവേണ്ടി എവിടെക്കൊണ്ടു് ഇത്രയധികം പണം ചോർക്കാൻ തോന്നുന്നുവോ അവിടെയെല്ലാം ഇതിനകം ചോർത്തിക്കഴിഞ്ഞിട്ടുണ്ടു്. ഉപ്പിക്കയുടെ വില ഇനിയും താഴും, വിലകയറ്റം ഇനിയും വരിക്കും. പാവങ്ങളുടേയും സ്ഥിരവേതനക്കാരുടേയും ചോരയും നീരുമെല്ലാം വാരിക്കഴിഞ്ഞശേഷമേ വമ്പന്മാരുടെ അടുത്തു് ചെല്ലുകയുള്ളൂ എന്നാണു് തോന്നുന്നതു്.

....o....

റേഡിയോ

ജനുവരി 23 ശനി

തിരുവനന്തപുരം, കോഴിക്കോടു്

മീഡ്യം

454.5, 441.2, 517 മീറ്റർ

രാവിലെ

6.50 മംഗളവാദ്യം
6.55 പരിപാടി മുഖകം
7.00 ഉദയഗീതം
7.25 ഇന്നത്തെ ചിന്താവിഷയം
7.30 വാർത്തകം മലയാളത്തിൽ
7.45 സംഗീതപാഠം
8.00 വാർത്തകം ഇംഗ്ലീഷിൽ
8.15 മാപ്പിളപ്പാട്ടു്

മുച്ചക്ക്

12.30 പ്രാദേശികവാർത്തകം
12.35 തൊഴിലാളിമണ്ഡലം
1.15 ലഘുവൃത്തം
1.20 വാർത്തകം മലയാളത്തിൽ
1.30 ചലച്ചിത്രഗാനങ്ങൾ
1.40 വാർത്തകം ഹിന്ദിയിൽ
1.50 സുഗമഗാനം
2.00 കാലാവസ്ഥ

വൈകീട്ടു്

5.30 ബാലലോകം
6.00 പ്രാദേശികാടിയിപ്പു്
6.05 പ്രാദേശികവാർത്തകം
6.15 നാട്ടിൻപുറം
7.00 നല്ലസംഗീതം
7.10 നാടകഗാനങ്ങൾ
7.30 വാർത്തകം മലയാളത്തിൽ
7.45 ഗദ്യവും പദ്യവും [നാടകത്തിൽനിന്നു്]
8.15 നാടോടിപ്പാട്ടുകൾ
8.30 റേഡിയോ ന്യൂസ്റീൽ
8.45 ഗാനാഞ്ജലി
8.55 ഇന്നത്തെ ചിന്താവിഷയം
9.00 വാർത്തകം ഇംഗ്ലീഷിൽ
9.15 ജഗത
9.30 ലഘു സംഗീതപരിപാടി
11.00 വീണ
11.05 സമാപനം

കോഴിക്കോടു് മാ

275.2 മീറ്റർ.

(വിവിധഭാരതിനിലയം)

രാവിലെ

7.00 ഭക്തിഗാനം
7.30 സംഗീതം
7.45 മുഖരാഗണസംഗീതം
8.00 ലേഖനിമനോജ്ഞല ഗാനങ്ങൾ
8.15 വാർത്തകം ഹിന്ദിയിൽ
8.30 സമ്മിശ്രഗാനങ്ങൾ
9.28 ഇന്നത്തെ സുവചനം
9.30 സംഭാഷണം
10.15 [ഞായറാഴ്ചമാത്രം]
11.00 സംഗീതം
11.30 പ്രഭാതത്തിലുള്ള ഭക്തിഗാനകം
11.45 ലളിതഗാനം
12.00 സംഗീതം

വൈകീട്ടു്

2.00 ആശയുടെ പരിപാടി
3.30 [ഞായറാഴ്ചമാത്രം]
4.00 പ്രത്യൂഷവേള ഗാനങ്ങൾ
4.15 വിവിധസംഗീതം
4.45 സംഗീതം [ഞായർ, ബുധൻ, വെള്ളിമാത്രം]
5.45 സായന്തനസമ്മേളനം [ആവശ്യപ്പെട്ടവ]
6.30 സംഗീതം
7.00 പുഷ്പവല്ലി (സംഗീതം)
7.30 തപാൽപെട്ടി
7.40 അഭിമുഖസംഭാഷണങ്ങൾ
7.45 നാടോടിപ്പാട്ടുകൾ
8.00 ഗാനങ്ങൾ
8.15 വാർത്തകം ഹിന്ദിയിൽ
8.30 ആവശ്യപ്പെട്ട പരിപാടി

വ്യവക്കാട് കടലോര പ്രദേശങ്ങളിലെ വകർച്ചവ്യാധികൾ

തൃശ്ശൂർ ജനു. 20

ചാവക്കാട് കടലോര പ്രദേശങ്ങളിൽ 'ചൊള്ള' എന്ന ലഘുവായ തരത്തിലുള്ള 'സ്മോൾപോക്സ്' ഒഴികെ ചില അളുകൾക്ക് ഉണ്ടായിട്ടുള്ളതായും ഈ രോഗനിവാരണത്തിനു പ്രത്യേക കരുതിവപ്പുള്ളതായും, രോഗികളെ മാറ്റി താമസിപ്പിക്കയാണ് ഈ രോഗം പകരാതിരിക്കുന്നതിനുള്ള മാർഗ്ഗമെന്നും പൊതുജനാരോഗ്യ വകുപ്പ് അധികൃതർ അറിയിച്ചിരിക്കുന്നു. 'അമ്മാംപനി' 'വയറ' എന്നീ പേരുകളിൽ അറിയപ്പെടുന്ന 'മീസിൽസ്' എന്ന ദിസ്സാര രോഗത്തിനും കുത്തിവെപ്പുകൊടുക്കുന്നുണ്ടു്.

—

21600 കോടി രൂപയായിരിക്കുമെന്നു് സമ്മതിക്കുക. അതുകൊണ്ടുതന്നെ വിലകയറ്റം വരിച്ചുവിട്ടുണ്ടു്, വർദ്ധിക്കും എന്നു പരോക്ഷമായി സമ്മതിച്ചിട്ടു് അവസാനയുപായം നൽകുന്നതിനു മുമ്പു് വിലക്കയറ്റത്തിനെതിരെ കാര്യമായ മനസ്സിൽ വെക്കുന്നതായാണെന്നു് അടുത്ത ശ്വാസത്തിലും പ്രസ്താവിക്കുക. എന്താണു് ഭരണിനയം? മുതലാളിയുടെ ഇഷ്ട സംഖ്യയാണിരിക്കുന്നതു പറഞ്ഞാൽ എന്താണിനി മനസ്സിൽ വെക്കുന്നതെന്നു്.

ഏതായാലും രണ്ടു കാര്യം തീർച്ചയാണു്. പദ്ധതിയെപ്പറ്റിയുള്ള വിശദവിവരങ്ങൾ മിക്കവാറും കണിശമായി പുറത്തുവന്നിരിക്കുന്നു എന്നതു് ഒന്നു്. ഇതു ക്രമേണയുണ്ടായ വിലകയറ്റം വല്ലാതെ ബാധിക്കുകയില്ലെന്നു് ഉറപ്പിക്കുകയും വേണ്ടതുണ്ടു്. ഇതിനുവേണ്ടി എവിടെക്കൊണ്ടു് ഇത്രയധികം പണം ചോർക്കാൻ തോന്നുന്നുവോ അവിടെയെല്ലാം ഇതിനകം ചോർത്തിക്കഴിഞ്ഞിട്ടുണ്ടു്. ഉപ്പിക്കയുടെ വില ഇനിയും താഴും, വിലകയറ്റം ഇനിയും വരിക്കും. പാവങ്ങളുടേയും സ്ഥിരവേതനക്കാരുടേയും ചോരയും നീരുമെല്ലാം വാരിക്കഴിഞ്ഞശേഷമേ വമ്പന്മാരുടെ അടുത്തു് ചെല്ലുകയുള്ളൂ എന്നാണു് തോന്നുന്നതു്.

....o....

'അമിത്താര'യിലെ സാന്മാർഗ്ഗികപ്രശ്നം

(ജോസഫ് പുത്തൻതറ)

പ്രൊഫസർ കെ. പരമേശ്വരൻ നായർ തലക്കോട്ടപ്പള്ളി ജനുവരി 17-ാംതീയതിയിലെ തിരുവിതാംകൂർ ടി. വി. കോഴ്സിനെപ്പറ്റിയെഴുതിയിരുന്ന ലേഖനം കണ്ടു. പലവട്ടം വായിച്ചിട്ടും എന്റെ സന്ദേഹത്തിനുള്ള മറുപടി അദ്ദേഹം എവിടെയെങ്കിലുമെഴുതിവച്ചിരിക്കുന്നതായി മനസ്സിലായില്ല. പണ്ടു് പഠിത്തമുണ്ടായിരുന്ന കാലത്തു് ഇതുപോലുള്ള പല സന്ദിഗ്ദ്ധഘട്ടങ്ങളിലും ആശ്രയിച്ചിരുന്ന ഞാൻ പലവിധത്തിൽ ആലോചിക്കുകയും കൂടെ പഠിക്കുന്നവരോടു ചോദിക്കുകയും ചെയ്തിട്ടും തീരുമാനമെടുക്കാൻ ബുദ്ധിമുട്ടുണ്ടായപ്പോൾ അവസാനം ഗുരുനാഥന്മാരുടെ സഹായം തേടുകയുമുണ്ടായി. എന്റെ സന്ദേഹം ഇതാണു്:

ശ്രീ ചെറിയാൻ ലേഖനം കണ്ട ശേഷം ഞാൻ പരിശോധിച്ച പല സന്മാർഗ്ഗശാസ്ത്രഗ്രന്ഥങ്ങളും പറയുന്നതു് ഒരു തൃന്തികവും (Extreme) അസന്ദിഗ്ദ്ധവുമായ സാഹചര്യങ്ങളിൽ അത്തരം രഹസ്യങ്ങൾ വെളിപ്പെടുത്തേണ്ടതാണെന്നാണെന്നു്. തന്നെയല്ല, അത്തരം രഹസ്യങ്ങൾപോലും വിശ്വാസപൂർവ്വം ഏല്പിക്കുന്നവർക്കു് അവയുടെ സൂക്ഷിപ്പുകാരനായിത്തീരുന്ന സാഹചര്യങ്ങളിൽ അവയുടെ സൂക്ഷിപ്പുകാരനായിത്തീരുന്നതിനുള്ള ധാർമ്മികമായ ഉത്തരവാദിത്തം ഏറ്റെടുക്കുന്നതിനുള്ള ധാർമ്മികമായ കടപ്പാടു് ഇവയെ വിലക്കുന്നുണ്ടെന്നുമാണു് ഞാൻ മനസ്സിലാക്കിയിരിക്കുന്നതു്. ഈ വിലക്കുകൾ ഏതൊക്കെ സാഹചര്യങ്ങളിലാണു് ഒഴിവാക്കപ്പെടുന്നതു് എന്നതിനെപ്പറ്റിയാണു് എനിക്കു സംശയം. ഈ വിലക്കുകൾ ഒഴിവാക്കപ്പെടുന്നതിനുള്ള ഒരു സാഹചര്യമാണു് ഞാൻ ഇവിടെ ഉദ്ദേശിക്കുന്നതു്. ഇത്രവരെ മനസ്സിലാക്കിയതിനു് ഒരു സഹായം നമുക്കാവശ്യമായിരിക്കുന്നു.

ഈ ചോദ്യത്തിനു് മറുപടിയാണെന്നിക്കു് കിട്ടേണ്ടിയിരുന്നതു്. ശ്രീ ചെറിയാനോ, (കുത്തോലിക്കാ മതതത്വപണ്ഡിതനാകയാലെന്നു് ഞാൻ പറയുമ്പോൾ എന്റെ സംശയം തീർത്തുതരണമെന്നും ഞാനപേക്ഷിച്ചിരുന്നു. ശ്രീ ചെറിയാനു് അധിക്ഷേപിക്കണം എന്നതായിരുന്നില്ല എന്റെ ലക്ഷ്യം. എന്നിട്ടും, തന്നെ അധിക്ഷേപിച്ചുവെന്നു തെറ്റിദ്ധരിച്ചു് ശ്രീ ചെറിയാൻ എന്നെ കത്തോലിക്കാ മതപണ്ഡിതൻ' എന്നുമാത്രം വിളിച്ചു് പരിഹസിക്കുകയാണുണ്ടായതു്. അതിനാൽ സഭാപാരമ്പര്യങ്ങളെ സംബന്ധിച്ച മലിക മായ ഈ സംശയത്തിനു് പണ്ഡിതന്മാരായ പ്രകൃതികളുമായ കൈരളികരിലാരെങ്കിലും നിവാരണം വരുത്തിത്തരണം എന്നു വീണ്ടും അപേക്ഷിക്കേണ്ടിയിരിക്കുന്നു.

എനിക്കു ലഭിക്കേണ്ടതു വേറെയുണ്ടായിരുന്നുവെന്നും വലിയ നിശ്ചയമില്ല. ശ്രീ ചെറിയാന്റെ "മരപ്പലി കണ്ടശേഷം" അദ്ദേഹത്തെ തറപറ്റിച്ചുകളഞ്ഞുവെന്നോ മറ്റോ അഹന്തയുമില്ല. ഒരു സാധാരണ കത്തോലിക്കനെന്ന നിലയിൽ എനിക്കു് കിട്ടിയിട്ടുള്ള വേദപാഠങ്ങളും അവയിൽനിന്നുമായ ബോധ്യങ്ങളുമാണു് ഞാനെന്റെ കാര്യത്തിൽ ഉന്നയിച്ചിട്ടുള്ളതു്. എന്നാൽ ഞാനുദ്ദേശിക്കാത്ത ചില തലങ്ങളിലേക്കും ഈ ചർച്ച വളർന്നുപോയിട്ടുണ്ടു്. ഇതിനുത്തരവാദി ഞാനല്ലതാനും. ഇതിനുമുമ്പു് ഈ വിഷയത്തിൽ ഞാൻ ഒന്നും എഴുതിയിട്ടില്ലാത്തതിനാൽ ഇതിനുമുമ്പുള്ള ചർച്ചകളുമായി എനിക്കു് ബന്ധവുമില്ല. ഇതിനുമുമ്പുള്ള ചർച്ചകളിൽ ഞാൻ പറഞ്ഞതായി ചിലർ ആരോപിച്ചിട്ടുള്ള കാര്യങ്ങൾ ഞാൻ പറഞ്ഞിട്ടുള്ളതായി ഓർമ്മയ

കോൺഗ്രസ്സിനു ഭൂരിപക്ഷം കിട്ടുമെന്നു് കാമരാജ്

ആകെക്കും ഭൂരിപക്ഷം കിട്ടില്ലെന്നു് ആന്ധ്രാ മുൻ മന്ത്രിയുടെ തിരിച്ചടി

പ്രൈവറ്റ് പ്രൈമറി സ്കൂളുകൾ "സർക്കാരീകരിക്കണ"മെന്നു് സാരോപദേശം

പി ടി ഐ ന്യൂഡൽഹി ജ 22

"നിലവിലിരിക്കുന്ന പരിതസ്ഥിതികളിൽ" വച്ചുനോക്കിയാൽ കേരളത്തിൽ കോൺഗ്രസിനു് അടുത്ത തിരഞ്ഞെടുപ്പിൽ ഭൂരിപക്ഷം കിട്ടാൻ സാദ്ധ്യതയുണ്ടെന്നു് കാമരാജ് ഇന്നലെ ഇവിടെ വച്ചു് പ്രസ്താവിച്ചിരിക്കുന്നു.

തെരഞ്ഞെടുപ്പിനുമുമ്പു് തന്റെ സമയത്തിൽ ഭൂരിഭാഗവും കേരളത്തിൽ ചിലവഴിക്കേണമെന്നും അദ്ദേഹം പറഞ്ഞു.

പാർട്ടി സ്ഥാനമാനങ്ങളിലെ ലിസ്റ്റിനു് അവസാനരൂപം നൽകാൻവേണ്ടി ഈ മാസാന്ത്യത്തിൽ തിരുവനന്തപുരത്തുവച്ചു് കേന്ദ്ര പാർലമെന്ററി ബോർഡിന്റെ ഒരു സമ്മേളനം വിളിച്ചുകൂട്ടുന്നതായിരിക്കുമെന്നു് കാമരാജ് വെളിപ്പെടുത്തി. പ്രദേശ് കോൺ; കമ്മറ്റി സ്ഥാനാർത്ഥി ലിസ്റ്റ് തയ്യാറാക്കുന്ന പണികളിൽ ഏർപ്പെട്ടിരിക്കുകയാണു്.

മാഠ് സംസ്ഥാനങ്ങളിലെ സംഘടനാ പ്രശ്നങ്ങളെപ്പറ്റി ചോദിച്ചപ്പോൾ, തന്റെ മനസ്സു് മുഴുവൻ കേരളം കാണ്മു് നിറഞ്ഞിരിക്കുകയാണെന്നായിരുന്നു കാമരാജിന്റെ മറുപടി.

ശാസ്ത്രീയമായി ചിന്തിക്കുക

കോൺഗ്രസ്സ് പ്രസിഡണ്ടു് കാമരാജ് ഇന്നലെ പ്രധാനമന്ത്രി ശാസ്ത്രീയെ സന്ദർശിച്ചു് കേരള രാഷ്ട്രീയസ്ഥിതിയും പഞ്ചാബു് മുഖ്യമന്ത്രിയുടെ മന്ത്രിസഭാവികസന നിർദ്ദേശത്തെപ്പറ്റിയും ചർച്ചചെയ്തിരിക്കുന്നു.

ഓറീസ്സാ മുഖ്യമന്ത്രിയെ സംബന്ധിച്ചു കുഡ്മിനാഠ് സബ്ബ് കമ്മറ്റിയുടെ അന്വേഷണഫലം പ്രധാനമന്ത്രി കാമരാജിനെ ധരിപ്പിക്കുകയുണ്ടായെന്നും അറിയുന്നു.

പഞ്ചാബു് മുഖ്യമന്ത്രി രാംകിഷൻ കോൺ. പ്രസിഡണ്ടിനെ രണ്ടുതവണ സന്ദർശിച്ചു് മന്ത്രിസഭാ വികസനത്തെപ്പറ്റി ചർച്ചചെയ്തുകയുണ്ടായി.

പഞ്ചാബിലെ മന്ത്രിസഭാ വികസനത്തെപ്പറ്റിയാണു് തീരുമാനമായിട്ടില്ലെന്നു് പിന്നീടു് കാമരാജ് പത്രലേഖകരോടു് പറഞ്ഞു. വീണ്ടും ചർച്ചകൾ നടക്കേണ്ടതുണ്ടു്.

രാജുവിന്റെ മരുപടി

ന്യൂഡൽഹി, ജനു. 22

കേരളത്തിലെ തെരഞ്ഞെടുപ്പിൽ ഒരു കക്ഷിക്കും വ്യക്തമായ ഭൂരിപക്ഷം ലഭിക്കാനുള്ള സാദ്ധ്യതയില്ലെന്ന കേരള സന്ദർശനം കഴിഞ്ഞു് തിരിച്ചെത്തിയ ആന്ധ്രാ മുൻമന്ത്രി മി. ബി. വി. രാജു പ്രസ്താവിച്ചിരിക്കുന്നു.

രാഷ്ട്രീയ ജീവിതത്തിൽ ജാതീയവും സാമുദായികവുമായ പ്രവണതകളെ വച്ചുപൊറുപ്പിക്കാനുപോകുന്നതാണു് കേരളത്തിലെ അപരിഹാര്യമായ രാഷ്ട്രീയ കഴപ്പുണ്ടാക്കുള്ള പ്രധാനകാരണമെന്നു് ആന്ധ്രാപ്രദേശ് കോൺഗ്രസ്സ് കമ്മറ്റി മുൻ പ്രസിഡൻറും മുൻമന്ത്രിയും ഡെയിലി ന്യൂസ് എഡിറ്ററുമായ മി: ബി. വി. രാജു അഭിപ്രായസംഭാഷണമദ്ധ്യേ അഭിപ്രായപ്പെടുകയുണ്ടായി.

വിദ്യാഭ്യാസത്തിലും അഭിരുചിയിലും ഇന്ത്യയിലെ ഏതൊരു സംസ്ഥാനത്തെയും കവച്ചുവയ്ക്കുന്ന കേരളത്തിൽ ഇടയ്ക്കുണ്ടായ മന്ത്രിസഭാ രാജിയും തുടർന്നുണ്ടായ രാഷ്ട്രീയ കോലാഹലങ്ങളും തികച്ചും ദൗർഭാഗ്യകരമായിപ്പോയെന്നു് അഭിപ്രായപ്പെട്ട മി: രാജു ഇന്നലെ പ്രസ്താവിച്ചു.

കാശ്മീരില്ലാത്ത ഇന്ത്യ

എയർ ഇന്ത്യയുടെ പുതിയ മേപ്പ്

ന്യൂയോർക്ക്, ജനു. 21

ഇപ്പോൾ അംഗീകരിക്കയിൽ നടത്തിക്കൊണ്ടിരിക്കുന്ന പ്രചരണത്തിനൊരു ഭാഗമെന്ന നിലയിൽ എയർ ഇന്ത്യ പൗരസ്യം ചെയ്തിട്ടുള്ള ഇന്ത്യയുടെ ഒരു പ്രദേശത്തിൽ കാശ്മീർ എന്നാതു പ്രദേശംതന്നെ കാണ്മാനില്ല.

പ്രസ്തുത എയർ ഇന്ത്യാ പ്രചരണങ്ങളിലെ രണ്ടു് മുഖ്യ താവളങ്ങളായ ബോംബെയും ഡൽഹിയെയും തമ്മിലുള്ള ദൂരത്തിന്റെ ചിത്രീകരണത്തിനുവേണ്ടിയാണു് ഈ പ്രദേശം വിട്ടുകളഞ്ഞിരിക്കുന്നതു്. വല്ലാതെ വീതികുറഞ്ഞ ഈ പ്രദേശത്തിൽ കാശ്മീർ ഉൾപ്പെടുത്തിയാൽ ഇന്ത്യയുടെ വടക്കേ അതിർത്തിയിലുള്ള ഈ പ്രദേശത്തിന്റെ ഭംഗി കുറഞ്ഞുപോകുമെന്നു് കരുതിയിട്ടാണു് കാശ്മീർ ഒഴിവാക്കിയതെന്നു് അഭിപ്രായമുണ്ടു്.

ഇന്ത്യയുടെ ഭൂപടത്തിൽനിന്നു് കാശ്മീരിനെ ഒഴിവാക്കിയതിനെതിരായി ഇന്ത്യൻ പ്രതിനിധി ഐക്യരാഷ്ട്രസഭയിൽ പ്രതിഷേധിച്ചിട്ടുണ്ടു്.

മണ്ണെണ്ണി ഹൈസ്കൂൾ വർഷികം

മണ്ണെണ്ണി, ജനു. 22

മണ്ണെണ്ണി വി. വി. എസ്സ്. ഹൈസ്കൂളിന്റെ 29-ംനു വാർഷികവും രക്ഷാകർത്തൃദിനവും ഇം വരുന്ന 23-ംതീയ്യതി ശനിയാഴ്ച അഞ്ചരമണിക്കു് ശ്രീ. ഇ. എൻ. പരമേശ്വരൻപിള്ള, എം. എ. എൽ. ടി. (റിട്ടയിനർ ഡെപ്യൂട്ടി ഡയറക്ടർ കാഫ് പബ്ലിക് ഇൻസ്ട്രക്ഷൻ, എറണാകുളം) യുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടുന്നതാണു്.

സി. ജി. ശിവദാസ്, ജോൺ മേനേച്ചേരി എന്നിവർ തദവസരത്തിൽ പ്രസംഗിക്കും. വിദ്യാർത്ഥികളുടെ വിവിധ കലാപരിപാടികളും "ഒരു മറി തേങ്ങ" എന്ന നാടകവും ഉണ്ടായിരിക്കും.

പുത്തൂർ പഞ്ചായത്തു് വർഷികം ഘോഷം

പുത്തൂർ, ജനു. 22

പുതിയ പഞ്ചായത്തു് നിയമത്തിൻകീഴിലെ അദ്യതിരഞ്ഞെടുപ്പിൽ പുത്തൂർ പഞ്ചായത്തു് അധികാരത്തിൽ വന്നതിന്റെ ഒന്നാംവാർഷികം 1965 ജനുവരി 24, 25, 26 എന്നീ തീയതികളിലായി കായിക മത്സരങ്ങൾ, കലാമത്സരങ്ങൾ, സാഹിത്യമത്സരങ്ങൾ എന്നീ വിവിധ പരിപാടികളോടുകൂടി പുത്തൂർ ഗവണ്മെന്റ് ഹൈസ്കൂളിൽവച്ചു് സാഘോഷം കൊണ്ടാടുന്നതിനു് തീരുമാനിച്ചിരിക്കുന്നു. 26-ംനു നടത്തപ്പെടുന്ന സമാപനസമ്മേളന പരിപാടികളിൽ മുഖ്യരും സ്പോർട്സ് ഡവലപ്മെന്റ് ഓഫീസർ എൻ. കൊച്ചുമുഹമ്മദ്, വിദ്വാൻ വി. പി. ജോസഫ്, തുടങ്ങിയുള്ള സഹപ്രവർത്തകർ പങ്കെടുക്കുന്നതാണു്.

....

ദക്ഷിണേന്ത്യയിലെ വെള്ളപ്പൊക്കം ഹാംബർഗ് സെനറ്റം പ്രസിഡണ്ടിന്റെ സഹതാപം

ന്യൂഡൽഹി, ജ 22

ദക്ഷിണേന്ത്യയിൽ ഇയ്യിടെ വെള്ളപ്പൊക്കമുണ്ടായതിൽ' മനഃക്ലേശിക്കുന്നതായും സംഭവിച്ച നാശനഷ്ടങ്ങളിൽ അഗാധമായ ദുഃഖം രേഖപ്പെടുത്തിക്കൊണ്ടു് പശ്ചിമജർമ്മനിയിൽ ഹാംബർഗ്സ്വതന്ത്ര ഗവർണ്മെന്റ്-പ്രസിഡണ്ടു് ഡോ: ഹെന്വർമൻ ഇന്ത്യാ ഗവണ്മെന്റിനു് ഒരു സന്ദേശം അയച്ചുകൊടുത്തിരിക്കുന്നു.

1500 ടൺ ഗോതമ്പു് "പാറാതിന്നു"

കൊച്ചിൻഷിപ്പിയാർഡിലെ കുംഭകോണം

(പ്രത്യേക ലേഖകൻ)

എറണാകുളം, ജ. 21

ഇക്കഴിഞ്ഞ നവംബർ, ഡിസംബർ മാസങ്ങളിലായി കൊച്ചിയിലുള്ള കേന്ദ്രക്ഷേമ്യധാന്യ സംഭരണ ഡിപ്പോവിൽ 150 ടൺ കാളം ണ്ടെ ഗോതമ്പു് കാണുവാനില്ലെന്നായിരിക്കുന്നു. ഇതുസംബന്ധിച്ചു് യാതൊരു അന്വേഷണവും നടത്താതെ ചിലരെയെങ്കിലും അങ്ങോട്ടുമിങ്ങോട്ടും വകുപ്പുകാം മാറ്റുകയും ചെയ്തിട്ടുണ്ടത്രേ. [പൂർണ്ണം സോഴത്തകൊടുത്തിരുന്നു]

ഈ അരിക്ഷയിൽനിന്നും ഗോതമ്പു് ഇടയ്ക്കുയായി വന്നുകൊണ്ടിരുന്ന സന്ദർഭത്തിലും കേരളത്തിലെ ഭക്ഷ്യക്ഷാമം കാരണം ഇവ കാവുണ്ടായിട്ടുള്ളതു്. അക്കാലത്തു് ഷിപ്പിൽ കപ്പലിൽനിന്നും ഇറക്കുന്ന ഗോതമ്പു് കേന്ദ്ര ഭക്ഷ്യസംഭരണഡിപ്പോകളിലേക്കു് കൊണ്ടുപോകാതെ പോർട്ടിൽ വാർഹിലുള്ള ഗോഡൗണുകളിൽ സൂക്ഷിക്കുകയായിരുന്നു പതിവു്. ഇവ ഗോഡൗണുകളും പോർട്ടിന്റെ അധികാരത്തിൽപ്പെട്ടവയുമായിരുന്നു പോർട്ടിൽ സൂക്ഷിക്കുമ്പോഴും പോർട്ടധികാരികളും ചാക്കുകളുടെ എണ്ണമാണു് എടുത്തിരുന്നതു്.

റേഷൻ ഡിപ്പോ ഉദ്യോഗസ്ഥരെ ഇക്കാര്യം ധരിപ്പിച്ചു് ഗോതമ്പു് പോർട്ടിൽനിന്നെന്ന ലോറികളിൽ കയറ്റിക്കൊണ്ടുപോരുകയായിരുന്നുപതിവു്. ചാക്കുകളിൽ നിറച്ചിരുന്ന ഗോതമ്പു് ലോറിയിൽകയറ്റുന്നതിനു മുമ്പായി തൂക്കുന്ന യന്ത്രത്തിൽ ലോറിയുടെ തൂക്കം എടുത്തു് ലോറിയിൽ ഗോതമ്പിന്റെ തൂക്കം എടുക്കാൻ ഇരിക്കുന്നവരെ നേരത്തുകണ്ടുകൊണ്ടിരുന്നുവെന്നും അതിനാൽഫലമായി 5 ടൺ ഗോതമ്പു് തൂക്കേണ്ടിടത്തു് 3 ടൺ ഗോതമ്പു് തൂക്കിയാൽ മതിയെന്നു് ഗോതമ്പു് കയറ്റിക്കൊണ്ടുപോകുന്ന ലോറിക്കാരോടു് പറയുകയും ചെയ്തിരുന്നുവെന്നുമാണു് അറിയുന്നതു്.

ഇങ്ങനെ തൂക്കം കുറച്ചുകൊടുക്കുന്നതിനു് ലോറിക്കാർക്കു് ഒരു ചാക്കിനു് 2 രൂപ വീതം കൊടുത്തിരുന്നുവത്രേ. ഇപ്രകാരം ഏകദേശം 1500 ടൺ ഗോതമ്പു് കാണാതായിട്ടുണ്ടെന്നാണു് ഇപ്പോൾ കണക്കാക്കപ്പെടുന്നതു്.

ഈ കൃത്രിമത്തിനു് ഡിപ്പോവിലെ ഗുമസ്തന്മാർക്കും ഡിപ്പോ ഓഫീസർക്കും കൂട്ടുത്തരവാദിത്വമുണ്ടെന്നു് കാണിച്ചു് ഡിപ്പോ ഓഫീസർ ഇവരെ സസ്പെൻഡ് ചെയ്തിരിക്കുന്നു. ഇവരുടെ സ്ഥാനത്തു് പുതിയ ഗുമസ്തന്മാരെ നിയമിച്ചിട്ടുണ്ടു്.

ഈ കൃത്രിമത്തിനു് ഉത്തരവാദികളായ ഗുമസ്തന്മാരുടെ പേരിൽ ക്രിമിനൽ കുറ്റത്തിനു് കേസ്സെടുത്തിട്ടുണ്ടു്. ഇവരുടെ വിചാരണ ഫെബ്രുവരി 8-ാം തീയതി എറണാകുളം ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ടിന്റെ കോടതിയിൽ നടക്കുന്നതാണു്.

കേരള നിയമനിർമ്മാണാലോചനസമിതി ഇന്നു് ചേരുന്നു

ഇംഗ്ലീഷ് ഭാഷ തുടരുന്നതുസംബന്ധിച്ച ബില്ലു് ചർച്ചചെയ്യാൻ

തിരു: ജനു. 22

കേരള നിയമസഭയുടെ കൃത്യനിർവ്വഹണാവശ്യത്തിനുവേണ്ടി 1965 ജനുവരി 26-ംനു കേരളശാസനം ഇംഗ്ലീഷ് ഭാഷയും കൂടി ഉപയോഗം തുടരുന്നതിനുള്ള അനുമതി വ്യവസ്ഥ ചെയ്യുന്ന കേരള സംസ്ഥാനനിയമസഭ (ഔംഗ്ലീഷ് ഭാഷയുടെ ഉപയോഗം തുടരൽ) ബിൽ, ഇവിടെ സമ്മേളിക്കുന്ന കേരള എം പി മാരുടെ നിയമനിർമ്മാണാലോചനാ സമിതിയിൽ പരിഗണനക്കു് വരുന്നതാണു്.

ജനുവരി 23, 24 തീയതികളിൽസംസ്ഥാനനിയമസഭാ ഹാളിൽ കൂടുന്ന ഈ സമിതിയോഗത്തിൽ കേന്ദ്ര ആഭ്യന്തരമന്ത്രി ശ്രീ. ഗുൽസാരിലാൽനന്ദ ആധ്യക്ഷം വഹിക്കും.

സംസ്ഥാന നിയമസഭ പിരിച്ചുവിട്ട തിനെ തുടർന്നു് കേരളത്തിനുവേണ്ടി നടത്തേണ്ട നിയമനിർമ്മാണ കാര്യങ്ങളിൽ ആവശ്യമായ മാർഗ്ഗദർശനം നടത്തുന്നതിനു് ശ്രീമതി ഇന്ദിരാഗാന്ധി യുടെ നിർദ്ദേശമനുസരിച്ചാണു് ഈ സമിതി രൂപീകൃതമായതു്. അതിനാൽ ആദ്യയോഗം ഡൽഹിയിൽവച്ചുചേർന്നു. രണ്ടാമത്തെ യോഗമാണു് ജനുവരി 23-ംതീയതി ഇവിടെവച്ചു് നടക്കുന്നതു്.

'രാഷ്ട്രപതിയുടെ നിയമങ്ങളായി' നിലനിൽക്കുന്ന അടിയന്തിര പ്രാധാന്യമുള്ള നിയമങ്ങൾ എന്ന നിലയ്ക്കു് സംസ്ഥാനബന്ധങ്ങളിൽനിന്നു് ഏർപ്പെടുത്തിയിട്ടുള്ള നിർദ്ദേശങ്ങളുണ്ടു്. കേന്ദ്ര ആഭ്യന്തരവകുപ്പിനു് അയച്ചുകൊടുത്തിട്ടുണ്ടു്. 1964-ലെ കേരള പൊലീസ് [ഭേദഗതി] ബിൽ, കേരള ജന്മിക്കരം നിയമ്മൂൽ (അവസാനിപ്പിക്കൽ) ഭേദഗതിബിൽ, കേരള നികുതി ഓർഡിനൻസ് [ഭേദഗതി] ബിൽ, ഇന്ത്യൻ ഭരണഘടന [ഭേദഗതി] കേരള ഭേദഗതി ബിൽ, കേരള ഭൂമിയേറ്റെടുക്കൽ, കേരള വില്പനനികുതി [വിദേശ ഏജൻസിയുടെ ഭേദഗതിയും സാധുകരണവും) ബിൽ, കേരള ഹൈക്കോടതി ഓർഡിനൻസ് (സാധുകരണ) ബിൽ, കേരള സംസ്ഥാനനിയമസഭ (ഇംഗ്ലീഷ് ഭാഷയുടെ ഉപയോഗം തുടരൽ) ബിൽ എന്നിവയായിരുന്ന ആ എട്ടു ബില്ലുകൾ.

നിലവിൽവന്നു് ഒരു കൊല്ലം കഴിയുന്നതിനകം സംസ്ഥാന നിയമസഭയിൽ പാസ്സാക്കിയെടുക്കുന്നപക്ഷം പ്രാബല്യം നഷ്ടമാകാതിരിക്കുന്ന നിയമങ്ങളാണു് "രാഷ്ട്രപതിയുടെ നിയമങ്ങൾ" എന്ന നിലയ്ക്കു് കൊണ്ടുവരുന്ന നിയമനിർമ്മാണങ്ങൾ. ഈ നിലയ്ക്കു് വളരെ അടിയന്തിരസ്വഭാവമുള്ള പ്രാധാന്യമേറിയ നിയമങ്ങൾ മാത്രമേ ഇത് ഉപയോഗിക്കുകയുള്ളൂ. ഇത് അടിസ്ഥാനത്തിൽ കേന്ദ്ര ഗവണ്മെന്റിന്റെ ബന്ധപ്പെട്ട വകുപ്പുകളുടെ പരിശോധനയിൽ സംസ്ഥാന ഗവർണ്മെന്റ് നിർദ്ദേശിച്ച ഏട്ടു ബില്ലുകളിൽ ആദ്യത്തെ ഏഴ് എണ്ണം ഇപ്പോൾ പരിഗണിച്ചേക്കുമെന്നുള്ളവയല്ലെന്നു് തീരുമാനിക്കപ്പെട്ടു. സംസ്ഥാന നിയമസഭയുടെ കൃത്യനിർവ്വഹണത്തിനും ഹിന്ദിക്കും മലയാളത്തിനും പുറമേ ഇംഗ്ലീഷ് ഭാഷയുടെ ഉപയോഗം അടുത്ത പതിപ്പിലും തുടരുന്നതിനും ആവശ്യമുള്ളതിനാലാണു് ഈ ബിൽ കൊണ്ടുവരുന്നതു്.

ലോകസഭയുടെയും രാജ്യസഭയുടെയും കാര്യനിർവ്വഹണത്തിനു് ഇംഗ്ലീഷ് ഭാഷയുടെ ഉപയോഗം അടുത്ത പതിപ്പിലും തുടരുന്നതിനും ആവശ്യമുള്ളതിനാലാണു് ഈ ബിൽ കൊണ്ടുവരുന്നതു്.

ലോകവ്യാപാരമേളയിൽ ഇന്ത്യൻ പവിലിയൻ സംഘടിപ്പിച്ച മത്സരത്തിൽ വിജയികളായ 10 പേരടങ്ങുന്ന ഒരു സംഘം മദിരാശിയിൽനിന്നു് ഇന്നലെ ഇവിടെ എത്തിച്ചേർന്നു. ഇന്ത്യാഗവണ്മെന്റിന്റെ അതിഥികളായി രാജ്യത്തു് 18 ദിവസത്തെ സന്ദർശനം നടത്തിയശേഷമാണു് സംഘം. ഇന്ത്യയിലേയും ഇന്ത്യയിൽനിന്നു തിരിച്ചും ഏയർ ഇന്ത്യയിലുള്ള യാത്ര സൗജന്യമാണു്.

അമേരിക്ക, ഡഡാമിനിക്കൻ റിപ്പബ്ലിക് എന്നിവയിൽനിന്നുള്ള ഈ സംഘത്തിൽ വിദ്യാർത്ഥികളും ഒരു അദ്ധ്യാപകനും ഒരു എഴുത്തുകാരനും ഒരു വീട്ടമ്മയും ഒരു ഹൈസ്കൂൾ അധ്യാപികനും ഒരു സയ്ന്റിസ്റ്റും ഉൾപ്പെടുന്നു.

ചോനിർമ്മാർജ്ജനപരിപാടിക്കു് ഉടൻ നടപടികളെടുക്കണം

കേന്ദ്രം സ്ഥാനങ്ങളോടാവശ്യപ്പെടുന്നു

ന്യൂഡൽഹി, ജനുവരി 21

ചേരിനിർമ്മാർജ്ജനപരിപാടികൾ ത്വരിതഗതിയിൽ നടപ്പാക്കുന്നാവശ്യമായ നിയമനിർമ്മാണം നടത്തുന്നതിനു് ഉടനടി നടപടികളും എടുക്കാൻ കേന്ദ്രഗവണ്മെന്റു് സംസ്ഥാനങ്ങളോടാവശ്യപ്പെട്ടിരിക്കുന്നു.

പാർലിമെന്റ് 1964-ൽ പാസ്സാക്കിയ, ചേരികളെ മെച്ചപ്പെടുത്തുന്നതുസംബന്ധിച്ച ബിൽ പ്രകാരം മുനിസിപ്പാലിറ്റികളും മറ്റും ചെയ്യേണ്ടുന്ന നടപടികളെപ്പറ്റിയും അവയുടെ നിർവ്വഹണത്തിനുള്ള മാർഗ്ഗങ്ങളെപ്പറ്റിയും കേന്ദ്രം നിർദ്ദേശിച്ചിട്ടുണ്ടു്.

ചേരിപ്രദേശങ്ങളിലെ വിലയ്ക്കെടുക്കേണ്ട തിനുള്ള ഭൂമിയുടെ വിലനിശ്ചയിക്കുന്നതിനോ അവിടെ പുതിയ വീടുകൾ വെക്കുന്നതിനോ ഉള്ള മാസ്റ്റർപ്ലാനുകളുടെ സംക്ഷേപം, പുതുതായി ഏറ്റെടുക്കുന്ന വീടുകളിൽ ഉയർന്ന വാടകയ്ക്കു് ജീവിക്കാൻ ചേരിനിവാസികൾക്കു് കഴിവില്ലായ്മ എന്നിവയാണു് ചേരിനിർമ്മാർജ്ജന പരിപാടിയുടെ പുരോഗതിയെ തടസ്സപ്പെടുത്തുന്ന ഘടകങ്ങൾ. പാർലിമെന്റ് പാസ്സാക്കിയനിയമം. ഇതുവരെയുണ്ടാക്കിയതൊന്നുംതന്നെ ചെയ്യാൻ ഗവണ്മെന്റിനെ സഹായിക്കുന്നു.

സംസ്ഥാന ഭവനനിർമ്മാണബോർഡുകൾ അയച്ചിട്ടുള്ള ഒരു കത്തിൽ ചേരിപ്രദേശങ്ങൾ മുഖവഴക്കുന്ന പ്രശ്നങ്ങളുടെ പരിഹാരത്തിലേയ്ക്കു് കേന്ദ്ര മരാമത്തു് ഭവനനിർമ്മാണവകുപ്പു് മന്ത്രി ശ്രീ മെഹർചന്ദ്ഖന്ന സംസ്ഥാനങ്ങളുടെ ശ്രദ്ധ ക്ഷണിച്ചിട്ടുണ്ടു്: ജലവിതരണം, ജലനിർഗ്ഗമനം, മലമൂത്രവിസർജ്ജനകേന്ദ്രം എന്നിവ ഏർപ്പെടുത്തി ഇവ പ്രദേശങ്ങളെ മനുഷ്യവാസയോഗ്യമാക്കിത്തീർക്കേയാണെന്നു് ഉദ്ദേശസ്ഥാനത്തോ, അഴുക്കുചാലുകൾ ചെയ്യുന്നതിനുമുമ്പോ ഇവിടെ കുടിലുകൾ കെട്ടുകയോ ചെയ്യുന്നതു് തടയാൻ കഴിഞ്ഞിട്ടില്ലെങ്കിൽ ബന്ധപ്പെട്ട അധികൃതരുടെ ഇതുസംബന്ധിച്ചുള്ള മനോഭാവവും പലപ്പോഴും തടസ്സമായിത്തീരുന്നുണ്ടെന്നും ഈ കത്തിൽ ചൂണ്ടിക്കാണിക്കുന്നു.

ഏപ്രിൽ 1-ാം തീയതി ആരംഭിക്കുന്ന നാലാം പഞ്ചവത്സരപദ്ധതിയിൽ ചേരിനിർമ്മാർജ്ജനത്തിനുവേണ്ടി ഗണ്യമായ തുക വകയിരുത്തുന്നതിനുള്ള നിർദ്ദേശവും കത്തിലുണ്ടു്.

ലണ്ടനിലെ ഗാന്ധിസ്മാരകം

ഇംഗ്ലീഷ് ബ്രിട്ടീഷുകാർ തയ്യാറാക്കിയ മഹാത്മാഗാന്ധിയുടെ ഒരു ബഹുമുഖപ്രതിമ ഇം വർഷാവസാനത്തോടുകൂടി ലണ്ടനിലെ താവി സ്റ്റോക്ക് സ്ക്വയറിൽ അനാച്ഛാദനം ചെയ്യപ്പെടും. ഇം സ്മാരകത്തിനാവശ്യമായ 8000 പവൻ പിരിച്ചെടുക്കാൻ താമസിയാതെ ഒരഭ്യർത്ഥന പുറപ്പെടുവിക്കുന്നതാണു്.

മഹാത്മാ ഗാന്ധി സ്മാരകനിധിക്കമ്മറ്റിയുടെ അദ്ധ്യക്ഷനായ ലോർഡ് ഈസാ റൻ സൺ (രാ. റജിനാൾഡ് സോൻസൺ എന്നാണു് ലോർഡ് സോൻസൺ പഠനം. രണ്ടുകൊല്ലം മുമ്പ് മി നെഹ്റു ഇം സ്ഥലം സന്ദർശിക്കുകയുണ്ടായി. ഇതിനുമുമ്പു് ഇന്ത്യയിൽ ഗവർണ്ണർ ജനറലായിരുന്നു ലോർഡ് സോൻസൺ.

ഇന്ത്യയിലെ പല പ്രമുഖ വ്യക്തികളുടെയും പ്രതിമകൾ മിസ്സ് ബ്രൂക്ക്നർ നിർമ്മിച്ചിട്ടുണ്ടു്. 1949-ൽ മി ക്ലെമന്റ് ലണ്ടനിലെ ഇന്ത്യൻ ഹൈക്കമ്മീഷണറായിരുന്ന കാലത്തു് അവളുടെ ഗാന്ധിയുടെ പ്രതിമ നിർദ്ദേശിച്ചതെന്നു് മിസ്സ് ബ്രൂക്നർ പ്രസ്താവിച്ചു. അതിനെത്തുടർന്നു് ഒരു കമ്മിറ്റി രൂപവൽക്കരിച്ചു അവർ ഇപ്രകാരം: 'ഞാനുമുതൽ കമ്മിറ്റി ഇതിലേക്കു് ശ്രമിച്ചുവരികയായിരുന്നു എന്നതോന്നുന്നു. പ്രതിമക്കു് താൻ മുഖ്യതോളം മാതൃകകൾ ഉണ്ടാക്കിയിട്ടുണ്ടു്. ഇപ്പോഴത്തേതാണു് കമ്മറ്റിക്കു് സ്വീകാര്യമായതു്. മഹാത്മാഗാന്ധിയുടെ പൗത്രൻ ദേവദാസ് ഗാന്ധി ലണ്ടനിലായിരുന്നപ്പോൾ അദ്ദേഹത്തോടു് സഹകരിച്ചു് ജോലിചെയ്യാൻ എനിക്കു് കഴിഞ്ഞിട്ടുണ്ടു്. എൻറെ ഭർത്താവു് മി എച്ചു് പി മാഷ്ൽ മഹാത്മജിയുടെ ജീവിതത്തെ അടിസ്ഥാനമാക്കിയുണ്ടാക്കിയ ചലച്ചിത്രവും എനിക്കു് സഹായകമായിരുന്നു.

'ശ്രീ. നെഹ്റു ഇം പദ്ധതിയിൽ പ്രത്യേകതാല്പര്യം പ്രദർശിപ്പിക്കുകയും ഇതു മുഴുമിക്കുന്നതിൽ ഒരു പ്രമുഖ പങ്കു് വഹിക്കുകയും ചെയ്തിട്ടുണ്ടു്. നിർഭാഗ്യവശാൽ അവസാനത്തെ മുഹൂർത്തം കാണാൻ അദ്ദേഹം ജീവിച്ചിരുന്നില്ല. എങ്കിലും, എൻറെ എല്ലാ മാതൃകകളുടെയും അദ്ദേഹം എന്നോടു് സഹിഷ്ണുതയും വർദ്ധചെയ്തിട്ടുണ്ടു്.'

പ്രതിമാ സ്ഥാപനത്തിനുള്ള സ്ഥലം ഏതാനും വർഷങ്ങൾക്കുമുമ്പു് മേയർ പാങ്ക്രാസ് ബറോ കൗൺസിൽ ടൗൺഹാൾ കൺവർഷനിൽ ഏർപ്പെടുത്തിയതായിരുന്നു. ഇതുവരെയുണ്ടായിട്ടുള്ള ഏറ്റവും മഹാനായ ഒരു ഇന്ത്യാക്കാരനെ സഹായിക്കുന്നതിനുള്ള ഒരു അവസരമാണു് ഇതെന്നു് ലോർഡ് സോൻസൺ പഠഞ്ഞു. രണ്ടുകൊല്ലം മുമ്പ് മി നെഹ്റു ഇം സ്ഥലം സന്ദർശിക്കുകയുണ്ടായി. ഇതിനുമുമ്പു് ഇന്ത്യൻ ഗവർണ്ണർ ജനറലായിരുന്നു ലോർഡ് സോൻസൺ എന്നാണു് ഇവിടെ പറയേണ്ടതു്.

കമ്മറ്റിയുടെ ഓണററി സെക്രട്ടറിയായ മിസ്സ് ബ്രൂക്നർ തയ്യാറാക്കിയ പ്രതിമയുടെ മാതൃകകൾ പ്രദർശിപ്പിക്കുകയും ഇതിനുവേണ്ടി ധനം സമാഹരിക്കുകയും ചെയ്തുവരുന്നു. ഇതിനുവേണ്ടി ഒരു പ്രത്യേക കമ്മറ്റിയും രൂപീകരിച്ചിട്ടുണ്ടു്. ഇതിന്റെ ചെയർമാൻ ലോർഡ് സോൻസൺ തന്നെയാണു്. ഇതിനുവേണ്ടി ഒരു ഫണ്ടും തുടങ്ങിയിട്ടുണ്ടു്. ഇതിലേക്കു് ഇതുവരെ 2000 പവൻ സംഭാവനയായി ലഭിച്ചിട്ടുണ്ടു്. ഇതിനുപുറമേ 2000 പവൻ കൂടി ലഭിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്. ഇതിനുപുറമേ ഇന്ത്യയിലും പാകിസ്ഥാനിലും ഇതിനുവേണ്ടി ധനം സമാഹരിക്കുന്നുണ്ടു്. ഇതിനുവേണ്ടി ഒരു കമ്മറ്റി ഡൽഹിയിൽ രൂപീകരിച്ചിട്ടുണ്ടു്. ഇതിന്റെ ചെയർമാൻ ഡോ: കരൺസിംഗാണു്. ഇതിനുവേണ്ടി ഒരു ഫണ്ടും തുടങ്ങിയിട്ടുണ്ടു്. ഇതിലേക്കു് ഇതുവരെ 2000 പവൻ സമാഹര

ഒന്നു പറയുന്നു; മറെറാന്നു പ്രവർത്തിക്കുന്നു

കോൺ. നേതൃത്വത്തിനു് സുഹേതയുടെ കറേപത്രം

കോൺഗ്രസ്സിനു ജനവിശ്വാസം നഷ്ടപ്പെട്ടെന്നു് മദ്രാസിലെ കോൺഗ്രസ്സ് എം. എൽ. എ. മാർ

(പി ടി ഐ) കോയമ്പത്തൂർ, ജനു. 22

കോൺഗ്രസ്സ് സംഘടനാ യോജിപ്പുള്ളതും, ശക്തവും ആകണമെങ്കിൽ ഒന്നു പറയുകയും മറെറാന്നു കാണിക്കുകയും ചെയ്യുന്ന പ്രവണത കൈവെടിയേണ്ടതുണ്ടെന്നു്, യു. പി. മുഖ്യമന്ത്രി ശ്രീ മതി സുഹേതാ കൃപലാനി പ്രസ്താവിച്ചിരിക്കുന്നു.

നാലുദിവസത്തെ തെക്കിണേന്ത്യൻ പര്യടനത്തിലേർപ്പെട്ടിരിക്കുന്ന അവർ, മദ്രാസിൽനിന്നും ഇവിടെ എത്തി, കോൺഗ്രസ്സ് പ്രവർത്തകരുടെ ഒരു സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു.

സ്വാതന്ത്ര്യലബ്ധിയുടെ, കോൺഗ്രസ്സുകാർ, വ്യക്തിതാല്പര്യങ്ങൾക്കും ജാതീയതയ്ക്കും മേലെയുള്ള, വസ്തുനിഷ്ഠമായ ഒരു വീക്ഷണം നൽകുക, സാമൂഹ്യനീതി ഉറപ്പുവരുത്തുക, തുടങ്ങിയ ആശയങ്ങൾ കൈവിടുന്നതിനെപ്പറ്റിയാണു് താൻ പറഞ്ഞതു്.

രാജ്യത്തൊട്ടാകെ, തിരഞ്ഞെടുപ്പുകളിൽ സ്ഥാനാർത്ഥികളെ നിശ്ചയിക്കുന്നതു് അവരുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിലല്ലെന്നും, സമുദായ ശക്തിയേയും മാറെ പരിഗണനകളേയും വച്ചു കൊണ്ടാണെന്നും ശ്രീമതി കൃപലാനി കൂട്ടിച്ചേർത്തു. കഴിയുന്നതു നേരത്തെ ഈ സമ്പ്രദായം അവസാനിപ്പിക്കണം.

സ്വാതന്ത്ര്യത്തിനു മുമ്പു്, സാമൂഹ്യസേവനത്തിൽ പ്രായോഗിക പരിശീലനം ലഭിച്ചതു് ജനങ്ങളെ തന്നെ, ധൈര്യഗികസ്ഥാനം ഏറെറടുക്കുവാൻ മഹാത്മാഗാന്ധി ആവശ്യപ്പെടുകയുണ്ടായെന്നും അവർ അനുസ്മരിച്ചു.

ഇപ്പോൾ ആ നിയന്ത്രണശക്തി അപ്രത്യക്ഷമായിരിക്കുന്നു. അതിലധികാരമായ സംഘടനാശക്തിയും ഉണ്ടാകുകയും ചെയ്തു. സ്വാതന്ത്ര്യത്തിനു് മുമ്പുപോലും കോൺഗ്രസ്സ് പ്രവർത്തകരിൽ അഭിപ്രായഭിന്നതയുണ്ടായിരുന്നു. പക്ഷെ അവരുടെ പാർട്ടി, അവരുടെ മുമ്പിൽവച്ചിരിക്കുന്ന ലക്ഷ്യം പ്രാപിക്കുന്നതിനുള്ള പ്രവർത്തനത്തിൽ അവർ ഒന്നിച്ചുനിന്നു. പക്ഷേ, ഇന്നാകട്ടെ, കോൺഗ്രസ്സുകാർ അവരുടെ അഭിപ്രായഭിന്നതകൾ പരമാവധിയാക്കി കൊണ്ടുപോകുകയും, സംഘടനാപരമായ ഉത്തരവാദിത്വങ്ങളെ ശ്രദ്ധിക്കാതിരിക്കുകയും ചെയ്യുന്നു. ഭേദകരമായ ഒരു കാര്യമാണിതു്. പ്രവർത്തികളുടെ അടിസ്ഥാനമാക്കിയാണു് ജനങ്ങൾ വിധി കല്പിക്കുന്നതു്. സ്വകാര്യജീവിതത്തിൽപോലും, അവരുടെ ഔദ്യോഗികജീവിതത്തിലുള്ളതുപോലുള്ള ശുദ്ധത അവർ പുലർത്തുന്നു. തങ്ങളുടെ വ്യക്തിപരമായ സ്വഭാവം പ്രകടിപ്പിക്കുവാനും, തെരഞ്ഞെടുപ്പുകളിൽ വിജയിക്കുവാനും, ഒരു പ്രത്യേക സമുദായത്തിന്റെ പിന്തുണ നേടുവാനും മാത്രമായി ഒരു സ്ഥാനാർത്ഥിയെ നിർത്തുന്നതിനെപ്പറ്റി കോൺഗ്രസ്സുകാർ പുനഃപരിശോധന നടത്തണമെന്നു് കെ. കാമരാജ് നാടാർ ഇപ്പോൾ ആവശ്യപ്പെടുന്നുണ്ടു്. ഇതിനെപ്പറ്റി അദ്ദേഹം എന്തു പറഞ്ഞു എന്നു് എനിക്കറിഞ്ഞുകൂടാ. പക്ഷേ, ഇതു് ഒരു പ്രധാന പ്രശ്നമാണു്. ഇതിനെപ്പറ്റി ഗൗരവപൂർവ്വം ചിന്തിക്കണം. ഇതിനെപ്പറ്റി ഞാൻ ഒരു പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ടു്. ഇതിനെപ്പറ്റി ഞാൻ ഒരു പുസ്തകം എഴുതുന്ന